പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1694

07.03.2018 ൽ മറുപടിയ്ക്ക്

## ടി.പി. ചന്ദ്രശേഖരൻ വധക്കേസ്

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട് പൂജപ്പുര സെൻട്രൽ ജയിലിൽ തടവിലുണ്ടായിരുന്ന ഏതെങ്കിലും പ്രതികളെ ഈ സർക്കാർ നിലവിൽ വന്നശേഷം മറ്റേതെങ്കിലും ജയിലിലേയ്ക്ക് മാറ്റിയിട്ടുണ്ടോ ; | (എ)<br>യും<br>(ബി)<br>യും | സി. നം.9329 മനോജൻ എന്ന തടവുകാരന് ബൈപ്പാസ് സർജറി കഴിഞ്ഞതിനാലും വിചാരണ കോടതിയായ തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിൽ ഹാജരാകേണ്ടതിനാലും ബന്ധുക്കൾക്ക് ടിയാനെ ജയിലിൽ വന്ന് കാണുന്നതിനുള്ള സൗകര്യം കണക്കിലെടുത്തും ടിയാന്റെ അപേക്ഷ പരിഗണിച്ച് ജയിൽ വകുപ്പ് മേധാവിയുടെ ഉത്തരവു പ്രകാരം ടിയാനെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആരെയാണ് ഇപ്രകാരം മാറ്റിയതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ